പതിമൂന്നാം കേരള നിയമ സഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 782 30/06/2011 - ൽ മറുപടിക്ക്

## ശ്രീമതി. ലീനാവർഗീസിന്റെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.. സി.. വിഷ്ണുനാഥ് | ശ്രീ. അബ്ദുറബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| | **(എ ), (ബി) & (സി)** |
| (എ) ചെങ്ങന്നൂർ താലൂക്കിൽ മാന്നാർ പഞ്ചായത്തിൽ പാവുക്കര വട്ടപ്പറമ്പിൽ പുത്തൻവീട്ടിൽ ശ്രീമതി. ലീനാവർഗ്ഗീസിന്റെ അദ്ധ്യാപക നിയമനം 2006 ജൂൺ 19 മുതൽ നാളിതുവരെ അംഗീകാരിക്കാത്തതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?<br><br>(ബി) പൊതു വിദ്യാഭ്യാസ വകുപ്പിലെ എച്ച്2/13633/2010 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ<br><br>(സി) ശ്രീമതി. ലീനാവർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | മാവേലിക്കര വിദ്യാഭ്യാസ ഉപ ജില്ലയിൽപ്പെട്ടതും കോട്ടയം സി. എം. എസ്. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ളതുമായ സി. എം. എസ്. എൽ. പി. സ്കൂളിൽ ശ്രീമതി.. ലീനാ വർഗ്ഗീസിനെ. 19/06/06 മുതൽ 31/05/09 വരെയുള്ള ശ്രീമതി.. ടി.ഡി. ജോളമ്മയുടെ ദീർഘകാല അവധി ഒഴിവിൽ മാനേജർ നിയമിച്ചു. 12/10/06 തീയതിയിലെ 259/06/പൊ.വി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം ലീവ് വേക്കൻസിയിൽ ദിവസവേതനാ ടിസ്ഥാനത്തിൽ മാത്രമേ നിയമിക്കാവൂ എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു. ഇതിനെതിരെ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകിയ പരാതി പ്രകാരം നിയമനം അംഗീകരിച്ചു നൽകാൻ ഉത്തരവായെങ്കിലും ആലപ്പുഴ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഡിറ്റ് പരിശോധനയിൽ ഈ നിയമനത്തിനെതിരെ തടസ്സവാദം ഉന്നയിച്ചു. അതിനാൽ 19/06/06 മുതൽ 31/03/07 വരെയുള്ള നിയമനം ദിവസവേതനാ ടിസ്ഥാനത്തിൽ ആക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുനർ ഉത്തരവ് നൽകി.. ഇതിനെതിരെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നൽകിയ അപ്പീലും നിരസിച്ചു പ്രസ്തുത സ്കൂളിലെ എൽ.പി. എസ്സ്. എ ആയിരുന്ന ശ്രീമതി. ഷാജമ്മ ജേക്കബിനു പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി 01/04/08 മുതൽ അൺ ഇക്കണോമിക് സകൂൾ ആയ പാമ്പാടി നോർത്ത് സി..എം. എസ്. എൽ. പി..സ്കൂളിലേയ്ക്ക് നിയമിച്ച ഒഴിവിലായിരുന്നു ശ്രീമതി. ലീനാ വർഗ്ഗീസിന്റെ |

10/06/08 മുതലുള്ള നിയമനം. ശ്രീമതി ലീനാ വർഗ്ഗീസ്സ് 01/06/09 ൽ സർക്കാരിലേക്ക് വീണ്ടും ഹർജ്ജി സമർപ്പിച്ചിട്ടുണ്ട്. ഈ ഹർജ്ജിയിന്മേൽ സർക്കാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തു. 19/06/06 മുതലുള്ള ഹർജ്ജിക്കാരിയുടെ നിയമനം അംഗീകരിക്കുവാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ